**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5899** **08-11-2021 - ൽ മറുപടിയ്ക്ക്**

**എച്ച്.എൻ.എൽ. എംപ്ലോയീസ് സഹകരണ ബാങ്കിനുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | എച്ച്.എൻ.എൽ. എംപ്ലോയീസ് സഹകരണ ബാങ്കിന് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് നൽകാനുള്ള തുകയെത്രയാണ്; തുക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എച്ച്.എൻ.എൽ. എംപ്ലോയീസ് സഹകരണ ബാങ്കിന് നൽകാനുള്ള ആകെ ക്ലെയിം തുക 18,30,31,513/- രൂപയാണ്. അതിൽ RP(Resolution Professionals) അംഗീകരിച്ച തുക 8,05,25,864/-രൂപയാണ്. RPഅംഗീകരിച്ച തുക16.31% മാത്രമായ 1,30,77,400/-രൂപയാണ് ബാങ്കിന് ഇതുവരെ ലഭിച്ചിട്ടുള്ളത്. ബാങ്കിന് ലഭിക്കുവാനുള്ള ആകെ ക്ലെയിം തുകയും ലഭ്യമാക്കുവാൻ, നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ (NCLT) ഉത്തരവിനെതിരെ ബാങ്ക് ചെന്നൈ നാഷണൽ കമ്പനി ലോ അപ്പലെറ്റ് ട്രിബ്യൂണലിൽ (NCLAT) അപ്പീൽ നൽകിയിട്ടുണ്ട്. |
| (ബി) | നിക്ഷേപകർ പ്രസ്തുത ബാങ്കിന് എതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത ബാങ്കിന് ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല. ബാങ്ക് അപേക്ഷ സമർപ്പിക്കുന്ന പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ